LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് ലഭ്യമായ വിള ഇൻഷ്വറൻസ് പദ്ധതികൾ

209 (4277) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്ക് ലഭ്യമായ വിള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(സി) നാളികേരത്തിനുള്ള വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) നിലവിൽ കേരളത്തിലെ 25 പ്രധാന കാർഷിക വിളകളെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ 1995 മുതൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ടിത ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷുറൻസ് പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) നെല്ല്, വാഴ, മരച്ചീനി, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നിവയെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 5 വർഷം തെങ്ങുകൾക്കാണ് കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതനുസരിച്ച് 10 തെങ്ങുകളെങ്കിലും ഉള്ള കർഷകർക്ക് 4 മുതൽ 60 വർഷം പ്രായമായ തെങ്ങുകൾ ഇൻഷ്വർ ചെയ്തു വരുന്നുണ്ട്. സർക്കാർ പ്രീമിയം തുക മൊത്തം നൽകിവരുന്നു. 4-15 വർഷം പ്രായമുള്ള തെങ്ങുകൾക്ക് 600 രൂപയും 16 മുതൽ 60 വർഷം വരെ പ്രായമുള്ള തെങ്ങുകൾക്ക് 1150 രൂപയും നഷ്ടപരിഹാരം നൽകിവരുന്നു.

ടി X ഡി പോളിനേഷൻ ജോലിക്കാരുടെ പെൻഷൻ പദ്ധതി

210 (4280) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടി X ഡി പോളിനേഷൻ ജോലിക്കാരുടെ പെൻഷൻ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ സഹായം എത്ര പേർക്ക് കിട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?